**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം**

---

വിഷയം:- ആവഡ-.ശ്രീമതി.ജിഷി.സി.എ-യെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തി പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.O.A (EKM) നം.534/2016 കേസിന്മേൽ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21/05/2020 ലെ ഉത്തരവ്.
2.O.P(KAT) നം.54/2021 മേൽ ബഹു.ഹൈക്കോടതിയുടെ 08/04/2021 ലെ വിധി
3.ഉത്തരവ് നം.ഇ.എസ്.6-16429/2022/ആ.വ.ഡ ,തീയതി 18.07.2022 ലെ വിജ്ഞാപനം
4.ഉത്തരവ് നം.ഇ.എസ്.6-1700/2024/ആ.വ.ഡ, തീയതി 24.04.2024 ലെ വിജ്ഞാപനം
5.ഉത്തരവ് നം.ഇ.ഇ2/6171/2023/ആ.വ.ഡ,തീയതി 18.05.2024
6.ഉത്തരവ് നം.ഇ.എസ്.6-3085/2023/ആ.വ.ഡ ,തീയതി 04.04.2023 ലെ വിജ്ഞാപനം
7.നം.ഇ.എസ്.6-3085/2023/ആ.വ.ഡ ,തീയതി 05.11.2024 ലെ നോട്ടീസ്

**ഉത്തരവ് നം: ഇ.എസ്6/3085/2023/ആ.വ.ഡ തീയതി: 21-11-2024**

ശ്രീമതി.ജിഷി.സി.എ ഫയൽ ചെയ്ത O.A (EKM) നം.534/2016 കേസിന്മേൽ പരാമർശം (1),(2) പ്രകാരമുള്ള ഉത്തരവിന്റെയും വിധിയുടെയും അടിസ്ഥാനത്തിൽ സീനിയോറിറ്റി പ്രൊട്ടക്റ്റ് ചെയ്ത് സീനിയർ നഴ്സിംഗ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടികയിൽ 71 A റാങ്ക് നമ്പറിൽ ഉൾപ്പെടുത്തിയ (ഇ.എസ്3-21161/ 2023/ആ.വ.ഡ, തീയതി 07/02/2024 പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്ത സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം.72) ശ്രീമതി .ജിഷി.സി.എ-യെ പരാമർശം (3) പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ള ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സെലക്റ്റ് ലിസ്റ്റിൽ 40 A ആയി ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം ഗസറ്റ് വിജ്ഞാപനം

ചെയ്തിട്ടുള്ളതാകുന്നു. പ്രസ്തുത സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം 27/08/2022 തീയതി പ്രാബല്യത്തിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് ടിയാൾക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി.ജിഷി.സി.എ യെ പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള (31/12/2022 ന് നിലവിലുള്ള ) ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് മാരുടെ സീനിയോറിറ്റി പട്ടികയിൽ 74 A റാങ്ക് നൽകി താൽക്കാലികമായി ഉൾപ്പെടുത്തി പരാമർശം (7) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടീസിൽ മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ പരാമർശം (7) ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. പരാമർശം(6) പ്രകാരമുള്ള ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Nandakumar.k.v
Date: 21-11-2024 09:57:25

,

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ**
**(മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**

സ്വീകർത്താവ്

1. .ശ്രീമതി .ജിഷി.സി.എ (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന )

പകർപ്പ്:

1. .എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
3. ഫയൽ/സ്റ്റോക്ക്ഫയൽ